പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1021 7.2.2013 ലെ മറുപടിക്ക്

## പട്ടികജാതി ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ സൗജന്യ ചികിത്സയ്ക്കായി കമ്മ്യൂണിക് ക്ലിനിക്കുകൾ

| ചോദ്യം | മറുപടി | |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) പട്ടികജാതി ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ സൗജന്യ ചികിത്സയ്ക്കായി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് കമ്മ്യൂണിറ്റി ക്ലിനിക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ; | എ) | കമ്മ്യൂണിറ്റി ക്ലിനിക് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് (HLFPPT) ന്റെ ആഭിമുഖ്യത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്ന പേരിൽ പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റിൽ ഒരു ഡോക്ടർ, ഒരു നഴ്സ്, ഒരു ഫാർമസിസ്റ്റ്, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ഉണ്ടാകും. ഇവർ ഓരോ കോളനിയിലും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സർവ്വീസ് ഡെലിവറി പോയിന്റ്സ് സന്ദർശിക്കുകയും, ചികിത്സ നൽകുകയും ചെയ്യുന്നു. ഓരോ മാസവും ആദ്യത്തെ 10 ദിവസം ഒരു പ്രത്യേക സ്ഥലത്ത് സേവനം നടത്തിയതിനു ശേഷം 5 ദിവസം കഴിഞ്ഞ് വീണ്ടും അടുത്ത 10 ദിവസങ്ങളിൽ ചികിത്സ തുടരുന്നതാണ്. വീണ്ടും 5 ദിവസം ഇടവേളയുണ്ടാകും. ഇത് എല്ലാമാസവും തുടരുന്നതാണ്. |

| | | |
|---|---|---|
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; എത്ര തുക ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കഴിഞ്ഞ വർഷം (2011-12) തുകയൊന്നും വകയിരുത്തിയിരുന്നില്ല. ഈ വർഷം ടി പദ്ധതിയ്ക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ